compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 നവംബർ 18
Tuesday, 18th November 2025

1201 വൃശ്ചികം 2
2nd Vrischikam 1201

1947 കാർത്തികം 27
27th Karthika 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **46**

Part III

Survey and Land Records

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർവെയും ഭൂരേഖയും വകുപ്പ്
1961-ലെ കേരള സർവെയും അതിരടയാളവും ആക്ട് 9(2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

ഡി1-851/2021 17.11.2025

എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽപ്പെട്ട നെടുമ്പാശ്ശേരി വില്ലേജിൽ ഉൾപ്പെട്ട വരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവെ "കേരള സർവെയും അതിരടയാളവും ആക്ട് 9(1)" പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടലിലും എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി വില്ലേജിന്റെ ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസ് ആയ ചെമ്പന്നൂർ, മേക്കാട് കോളനിപ്പടിയിലുള്ള 106 -)0 നമ്പർ അംഗനവാടി കെട്ടിടത്തോടു ചേർന്നുള്ള ഓഫീസിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂവുടമസ്ഥർ https://entebhoomi.kerala.gov.in എന്ന പോർട്ടലിൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി വില്ലേജിന്റെ ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസ് ആയ ചെമ്പന്നൂർ, മേക്കാട് കോളനിപ്പടിയിലുള്ള 106 -)0 നമ്പർ അംഗനവാടി കെട്ടിടത്തോടു ചേർന്നുള്ള ഓഫീസ് എന്ന സ്ഥലത്ത് എല്ലാ പ്രവൃത്തി ദിവസങ്ങളിലും നേരിട്ട് റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൻമേൽ പരാതി ഉണ്ടെങ്കിൽ ആയത് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം തൃപ്പൂണിത്തുറ റീസർവെ സൂപ്രണ്ടിന് ഫോറം നമ്പർ 160 -ൽ നേരിട്ടോ, "എന്റെ ഭൂമി" പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്ത പക്ഷം റീസർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരു വിവരം, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാള നിയമം 13 -)0 വകുപ്പനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കമുന്നയിച്ച് സർവെ അതിരടയാള നിയമം 10 -)0 വകുപ്പ് 2 -)0 ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂവുടമസ്ഥർക്ക് ടി അറിയിപ്പ് ബാധകമായിരിക്കില്ല.

വില്ലേജിന്റെ പേര്	റീ സർവെ ബ്ലോക്ക് നമ്പർ	റീസർവെ നമ്പർ	ഡിജിറ്റൽ സർവെ ബ്ലോക്ക് നമ്പർ	റിക്കാർഡുകൾ പരിശോധനയ്ക്ക് വച്ചിരിക്കുന്ന ഓഫീസ്
നെടുമ്പാശ്ശേരി	9	1-257, 259, 276 - 316, 325-331, 335, 336, 338-343, 346-351, 355-360, 364-406, 411-590	1 മുതൽ 135 വരെ	നെടുമ്പാശ്ശേരി വില്ലേജിന്റെ ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസ് ആയ ചെമ്പന്നൂർ, മേക്കാട് കോളനിപ്പടിയിലുള്ള 106 -)0 നമ്പർ അംഗനവാടി കെട്ടിടത്തോടു ചേർന്നുള്ള ഓഫീസ്
	10	1-258, 261-265, 267-269, 271-276, 278-281, 305-308, 311-589		

(ഒപ്പ്)
ഷാജി വർഗ്ഗീസ്
ഹെഡ് സർവ്വെയർ,
നെടുമ്പാശ്ശേരി വില്ലേജ്

(കുറിപ്പ് :- "എന്റെ ഭൂമി" പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്ന വിധം - "എന്റെ ഭൂമി" പോർട്ടലിൽ (https://entebhoomi.kerala.gov.in) ഭൂവുടമയുടെ ഫോൺ നമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർ ചെയ്യാവുന്നതും തുടർന്ന് ലഭ്യമാകുന്ന യൂസർ ഐ.ഡി.യും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം തങ്ങളുടെ ഭൂ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.18 03:21:23 +05:30